3593

11|8|21

GOVERNMENT OF KERALA

Abstract

Home Department – Creation of posts of Assistant Public Prosecutor Grade- II – Sanctioned – Orders issued.

HOME (C) DEPARTMENT

**G.O.(Ms)No.73/2021/HOME** Dated,Thiruvananthapuram, 26/02/2021

Read: 1 G.O.(Ms.)No.86/2011/Home dated 1/3/2011

2 G.O.(Ms.)No.137/2017/Home dated 29/6/2017

3 Letter No.1640/C/2020/DGP dated 05/02/2021 from the Director General of Prosecution, Ernakulam.

ORDER

Government as per the order read above, have accorded Administrative Sanction for the establishment of Grama Nyayalayas in 30 Block Panchayats in the State.

2. The Director General of Prosecution, in the letter read above has reported that the increasing number of cases and dearth of prosecutors are adversely affecting the functioning of the Grama Nyayalayas and requested Government to create posts of Assistant Public Prosecutor Grade- II in Grama Nyayalayas and in Judicial First Class Magistrate Courts.

3. Government have examined the matter in detail and are pleased to create 12 posts of Assistant Public Prosecutor Grade- II in the scale of pay of Rs.40500-87000 in 10Grama Nyayalayas and 2 Judicial First Class Magistrate Courts as detailed below.

| Sl.No. | Name of Grama Nyayalaya/ JFCM Court | District | No of post sanctioned. |
|---|---|---|---|
| 1 | Vellanad | Thiruvananthapuram | 1 |
| 2 | Ranni | Pathanamthitta | 1 |
| 3 | Kanjikkuzhi | Alappuzha | 1 |
| 4 | Vaikom | Kottayam | 1 |
| 5 | Nedumkandom | Idukki | 1 |
| 6 | Kattappana | Idukki | 1 |
| 7 | Mathilakom | Thrissur | 1 |
| 8 | Malambuzha | Palakkad | 1 |
| 9 | Kunnummel (Kutyadi) | Kozhikkode | 1 |
| 10 | Koduvally | Kozhikkode | 1 |
| 11 | Judicial First Class Magistrate Court-II, Alappuzha | Alappuzha | 1 |
| 12 | Judicial First Class Magistrate Court, Kalpetta | Wayanad | 1 |
| | | Total | 12 |

(By order of the Governor)
**T K JOSE**
**ADDITIONAL CHIEF SECRETARY**

To:
The Registrar (District Judiciary), High Court of Kerala, Ernakulam (with C/L)
The Secretary, Kerala Public Service Commission, Pattom, Thiruvananthapuram(with C/L)
Director General of Prosecution, Kerala, Ernakulam.
The Principal Accountant General (A&E/ Audit), Kerala, Thiruvanathapuram.
The Director, Treasuries, Thiruvananthapuram,

The District Collector, Thiruvananthapuram, Pathanamthitta, Alappuzha, Kottayam, Idukki, Thrissur, Palakkad, Kozhikkode, Wayanad

General Administration (SC) Department (Vide item No. )

The Finance Department (Vide Exp-A3/347/2014-Fin dated 15/02/2021).

I& PRD, Web & New Media (for uploading in the Government website)

Stock File/Office Copy

Forwarded /By order

Signature valid

Digitally signed by USHA Y
Date: 2021.02.26 12:__:__ IST
Reason: Approved

Section Officer

രഹസ്യം

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
25 FEB 2021

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-02-2021**

ഫയൽ നം. സി4/188/2020/ആഭ്യന്തരം. ഇനം നം: 4805

വിഷയം : ആഭ്യന്തര വകുപ്പ് - ഗ്രാമന്യായാലയങ്ങളിലും JFCM കോടതികളിലും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II-ന്റെ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

JS (C)
Pl: issue orders
25/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര-വിജിലൻസ് വകുപ്പ്.

4805

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി4/188/2020/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ഗ്രാമന്യായാലയങ്ങളിലും JFCM കോടതികളിലും അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II ന്റെ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17 .02.2021 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. റ്റി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. റ്റി. കെ. ജോസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.02.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | | 22.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | | 22.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | 24.02.2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഗ്രാമന്യായാലയങ്ങളിലും ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതികളിലും അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II ന്റെ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) 01.03.2011 ലെ സ.ഉ(കൈ) നം.86/2011/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തൊട്ടാകെ 30 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത ഗ്രാമന്യായാലയങ്ങളിൽ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ തസ്തിക സൃഷ്ടിക്കണം എന്നാവശ്യപ്പെട്ട് കോടതി മുമ്പാകെ കാഞ്ഞിരപ്പള്ളി ബാർ അസോസിയേഷൻ ഉൾപ്പെടെ നാല് ബാർ അസോസിയേഷനുകൾ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C)No. 11545/2016, WP(C)1211/2017 എന്നീ കേസുകളിലെ 17.02.2017 ലെ പൊതു ഉത്തരവിൽ ഗ്രാമന്യായാലയങ്ങളിൽ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്നതിനായി പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിക്കണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത കോടതി വിധി അനുസരിച്ച് 29.06.2017 ലെ സ.ഉ.(കൈ) നം.137/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം 300 കേസുകളിൽ കൂടുതൽ കേസുകൾ ഉള്ള 10 ഗ്രാമന്യായാലയങ്ങളിൽ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

3) ഗ്രാമന്യായാലയങ്ങളിൽ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ തസ്തിക സൃഷ്ടിക്കണം എന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആകെയുള്ള 30 ഗ്രാമന്യായാലയങ്ങളിൽ ഇനിയും അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ തസ്തിക സൃഷ്ടിക്കാത്ത 20 ഗ്രാമന്യായാലയങ്ങളിൽ തസ്തിക സൃഷ്ടിച്ചുകൊണ്ട് റാങ്ക് ലിസ്റ്റിൽ ഉള്ളവർക്കു തൊഴിലവസരം നൽകണം എന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

4) പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് തേടിയിരുന്നു. കേസുകളുടെ ബാഹുല്യവും അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാരുടെ കുറവും

ഗ്രാമന്യായാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ ചുവടെ ചേർക്കുന്ന, 300 കേസുകളിൽ കൂടുതലുള്ള ഗ്രാമന്യായാലയങ്ങളിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം | ഗ്രാമന്യായാലയ | ഗ്രാമന്യായാലയത്തിലെ കേസുകളുടെ എണ്ണം |
|---|---|---|
| 1 | റാന്നി, പത്തനംതിട്ട | 1455 |
| 2 | മലമ്പുഴ, പാലക്കാട് | 537 |
| 3 | നെടുകണ്ടം, ഇടുക്കി | 1351 |
| 4 | കട്ടപ്പന, ഇടുക്കി | 1301 |
| 5 | വൈക്കം, കോട്ടയം | 312 |
| 6 | മതിലകം, തൃശ്ശൂർ | 404 |
| 7 | വെള്ളനാട്, തിരുവനന്തപുരം | 491 |
| 8 | കുന്നുമേൽ (കുറ്റിയാടി) കോഴിക്കോട് | 963 |
| 9 | കൊടുവള്ളി, കോഴിക്കോട് | 2469 |
| 10 | കഞ്ഞികുഴി, ആലപ്പുഴ | 784 |

5) ടി കോടതികൾക്ക് പുറമേ മജിസ്ട്രേറ്റ് കോടതിയായി പ്രവർത്തിക്കുന്ന കാസർഗോഡ് JFCMC-II, കൽപ്പറ്റ JFMC, ആലപ്പുഴ JFCMC-II എന്നിവിട-ങ്ങളിലെ കോടതികളിൽ കൂടി അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) WP(c)No.20502/2020 മേൽ, 12.01.2021 തീയതിയിലെ ബഹു.ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-II ൽ ഒരു അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II ന്റെ തസ്തിക, ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 17.02.2021 ലെ സ.ഉ (കൈ) 45/2021/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

7) ഒരു അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ തസ്തികയ്ക്ക് പ്രതിമാസം 50,600/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് പ്രതിവർഷം ആകെ 6,55,800/- രൂപ ചെലവ് വരുന്നുണ്ട്. അപ്രകാരം 12 അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർമാർക്ക് 78,69,600/- (എഴുപത്തിയെട്ട് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അറുനൂറ് രൂപ മാത്രം) രൂപ പ്രതിവർഷം സർക്കാരിന് അധിക ബാധ്യത ഉണ്ടാകുമെന്നും പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. 13 തസ്തിക സൃഷ്ടിക്കണമെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ശുപാർശ ചെയ്തിട്ടുണ്ട്.

8) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കുംപ്രകാരം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"The proposal is deferred for better times".

9) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ തസ്തിക സൃഷ്ടിക്കാവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

പത്തനംതിട്ട ജില്ലയിലെ റാന്നി, പാലക്കാട് ജില്ലയിലെ മലമ്പുഴ, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം, ഇടുക്കി ജില്ലയിലെ കട്ടപ്പന, കോട്ടയം ജില്ലയിലെ വൈക്കം, തൃശ്ശൂർ ജില്ലയിലെ മതിലകം, തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്, കോഴിക്കോട് ജില്ലയിലെ കുന്നുമേൽ(കുറ്റിയാടി), കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി എന്നീ ഗ്രാമന്യായാലയങ്ങളിലും കൂടാതെ കൽപ്പറ്റ JFMC, ആലപ്പുഴ JFCMC-II എന്നീ കോടതികളിലും 40500-87000 ശമ്പള സ്കെയിലിൽ ഓരോ അസിസ്റ്റന്റ് പബ്ളിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II ന്റെ തസ്തികകൾ ഉൾപ്പെടെ ആകെ 12 തസ്തികകൾ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് സൃഷ്ടിക്കാവുന്നതാണോ?